**മധുരമായ കുട്ടികളെ – നിങ്ങൾ ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ എങ്കിൽ ആർക്കും നിങ്ങൾക്ക് ദുഃഖം തരാൻ സാധിക്കില്ല, ദുഃഖവും ബുദ്ധിമുട്ടും നൽകുന്നത് രാവണനാണ്, ആ രാവണൻ നിങ്ങളുടെ രാജ്യത്തിൽ ഉണ്ടായിരിക്കില്ല**

**ചോദ്യം:–** ഈ ജ്ഞാന യജ്ഞത്തിൽ നിങ്ങൾ കുട്ടികൾ എന്ത് ആഹൂതിയാണ് നൽകുന്നത്?
**ഉത്തരം:–** ഈ ജ്ഞാന യജ്ഞത്തിൽ എള്ളും യവവും അല്ല ആഹൂതി നൽകുന്നത്, ഇതിൽ നിങ്ങൾക്ക് ദേഹ സഹിതം എന്തെല്ലാമാണോ ഉള്ളത് അതെല്ലാം ആഹൂതി ചെയ്യണം അർത്ഥം ബുദ്ധി കൊണ്ട് എല്ലാം മറക്കണം. പവിത്രമായി കഴിയുന്ന ബ്രാഹ്മണർക്ക് മാത്രമേ ഈ യജ്ഞത്തെ സംരക്ഷിക്കാൻ സാധിക്കൂ. ആരാണോ പവിത്ര ബ്രാഹ്മണനാകുന്നത് അവർ പിന്നീട് ബ്രാഹ്മണനിൽ നിന്ന് ദേവതയാകുന്നു.

**ഗീതം:–** അങ്ങയെ നേടിയതിലൂടെ ഞങ്ങൾ ലോകം തന്നെ നേടി......

**ഓം ശാന്തി**. കുട്ടികൾ അച്ഛന്റെ അടുത്ത് വന്നിരിക്കുന്നു. കുട്ടികൾ തീർച്ചയായും അപ്പോഴാണ് വരുന്നത്, എപ്പോഴാണോ അച്ഛനെ തിരിച്ചറിഞ്ഞ് അച്ഛനെന്ന് വിളിക്കുന്നത്. അല്ലെങ്കിൽ വരികയില്ല. നമ്മൾ നിരാകാരനായ ബാബയുടെ അടുത്തേക്കാണ് പോകുന്നതെന്ന് കുട്ടികൾക്കറിയാം, അവരുടെ പേര് ശിവബാബ എന്നാണ്. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല, ബാബയുടെ ശത്രുവാകാൻ ആർക്കും സാധിക്കില്ല. ഇവിടെ ശത്രുവാകുകയാണെങ്കിൽ രാജാവിനെ പോലും വധിക്കാറുണ്ട്. ഗാന്ധിയെ വധിച്ചു, എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് ശരീരമുണ്ടായിരുന്നു. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല. ആരെങ്കിലും വധിക്കാൻ ആഗ്രഹിച്ചാലും അത് പ്രവേശിക്കുന്ന ശരീരത്തെയാണ്. ആത്മാവിനെ ആർക്കും വധിക്കാനോ മുറിക്കാനോ സാധിക്കില്ല. അപ്പോൾ ആരാണോ എന്നെ യഥാർത്ഥ രീതിയിൽ അറിയുന്നത്, അവർക്ക് മാത്രമാണ് രാജ്യ– ഭാഗ്യം നൽകുന്നത്. അവരുടെ രാജ്യ ഭാഗ്യത്തെ ആർക്കും കത്തിക്കാൻ സാധിക്കില്ല, ഒരു സാഹചര്യത്തിലും വെള്ളത്തിൽ മുക്കാനും സാധിക്കില്ല.

നിങ്ങൾ കുട്ടികൾ ബാബയിൽ നിന്ന് അവിനാശീ രാജധാനിയുടെ സമ്പത്തെടുക്കുന്നതിന് വന്നിരിക്കുന്നു. അവർക്ക് ദുഃഖമോ ബുദ്ധിമുട്ടോ നൽകാൻ ആർക്കും സാധിക്കില്ല. അവിടെ ബുദ്ധിമുട്ടുണ്ടാക്കുന്ന ആരും ഉണ്ടായിരിക്കില്ല. ബുദ്ധിമുട്ട് നൽകുന്നത് രാവണനാണ്. രാവണന് 10 തലയും കാണിക്കാറുണ്ട്. കേവലം രാവണനെയാണ് കാണിക്കുന്നത്, മണ്ഡോദരിയെ കാണിക്കുന്നില്ല. കേവലം രാവണന്റെ ഭാര്യ ഉണ്ടായിരുന്നു എന്ന തരത്തിൽ പേര് വച്ചിരിക്കുന്നു . അപ്പോൾ ഇവിടെ രാവണ രാജ്യത്തിൽ നിങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായേക്കാം. അവിടെ രാവണൻ ഉണ്ടായിരിക്കില്ല. ബാബ നിരാകാരനാണ്, ബാബയെ ആർക്കും വധിക്കാനോ മുറിക്കാനോ സാധിക്കില്ല. നിങ്ങളെയും ഇതുപോലെയാണാക്കുന്നത് അതിലൂടെ ശരീരത്തിലിരുന്നു കൊണ്ടും നിങ്ങൾക്ക് യാതൊരു ദുഃഖവും ഉണ്ടാകില്ല. എങ്കിൽ ഇങ്ങനെയുള്ള ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കണം. ബാബ മാത്രമാണ് ജ്ഞാനത്തിന്റെ സാഗരൻ, മറ്റാർക്കും ഈ ജ്ഞാനം നൽകാൻ സാധിക്കില്ല. ബ്രഹ്മാവിലൂടെ എല്ലാ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നു. ബ്രഹ്മാവാണ് ശിവബാബയുടെ മകൻ. അല്ലാതെ വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വന്നു എന്നല്ല. അഥവാ നാഭിയെന്ന് പറയുകയാണെങ്കിൽ ശിവബാബയുടെ നാഭി കമലത്തിൽ നിന്നാണ് വന്നത്. നിങ്ങളും ശിവന്റെ നാഭി കമലത്തിൽ നിന്നാണ് വന്നത്. ബാക്കി എല്ലാ ചിത്രങ്ങളും തെറ്റാണ്. ഒരേ ഒരു ബാബ മാത്രമാണ് സത്യമായിട്ടുള്ളത്. രാവണൻ അസത്യമാക്കി മാറ്റുന്നു. ഇത് കളിയാണ്. ഈ കളിയെ നിങ്ങൾ മാത്രമാണ് അറിയുന്നത്. എപ്പോൾ മുതലാണ് രാവണരാജ്യം ആരംഭിച്ചത്, എങ്ങനെയാണ് മനുഷ്യർ വീണ്– വീണ് തീർത്തും തന്നെ വീണു പോയത്, മുകളിലേക്ക് കയറാൻ ആർക്കും സാധിച്ചില്ല. ബാബയുടെ അടുത്തേക്ക് പോകുന്നതിനുള്ള വഴി ആരാണോ പറഞ്ഞ് തരുന്നത് അവർ കൂടുതൽ കാട്ടിൽ അകപ്പെടുത്തുകയാണ് ചെയ്യുന്നത് എന്തുകൊണ്ടെന്നാൽ ബാബയുടെ വീട്ടിലേക്കും സ്വർഗ്ഗത്തിലേക്കും പോകുന്നതിനുള്ള വഴി അറിയുകയില്ല. ഗുരുക്കൻമാർ തുടങ്ങി ആരെല്ലാമാണോ ഉള്ളത്, എല്ലാവരും ഹഠയോഗികളാണ്. വീടും കുടുംബവും ഉപേക്ഷിക്കുന്നു. ബാബ ഉപേക്ഷിപ്പിക്കുന്നില്ല. പറയുന്നു പവിത്രമാകൂ. കുമാരനും കുമാരിയും പവിത്രമാണ്. ദ്രൗപദി എന്നെ രക്ഷിക്കൂ ബാബാ എന്ന് പറഞ്ഞ് വിളിക്കുന്നു. ഞാൻ പവിത്രമായി കൃഷ്ണപുരിയിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. കന്യകമാരും വിളിക്കുന്നു, മാതാ–പിതാക്കൾ ബുദ്ധിമുട്ടിക്കുന്നു, വിവാഹം കഴിക്കുക തന്നെ വേണമെന്ന് പറഞ്ഞ് മർദ്ദിക്കുന്നു. ആദ്യം മാതാ–പിതാക്കൾ കന്യകയുടെ കാൽ പിടിക്കുന്നു, എന്തുകൊണ്ടെന്നാൽ സ്വയം പതിതവും കന്യക പാവനമെന്നും മനസ്സിലാക്കുന്നു. അല്ലയോ പതിത–പാവനാ വരൂ എന്നു പറഞ്ഞും

വിളിക്കുന്നുണ്ട്. ഇപ്പോൾ ബാബ പറയുന്നു കുമാരിമാർ പതിതമാകരുത്. അല്ലെങ്കിൽ പിന്നീട് നിലവിളിക്കേണ്ടി വരും. നിങ്ങൾക്ക് സ്വയത്തെ രക്ഷിക്കണം. ബാബ വന്നിരിക്കുന്നത് തന്നെ പാവനമാക്കുന്നതിനാണ്. പറയുന്നു സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവിയുടെ സമ്പത്ത് നൽകുന്നതിന് വന്നിരിക്കുന്നു അതുകൊണ്ട് പവിത്രമാകേണ്ടതുണ്ട്. പതിതമാകുകയാണെങ്കിൽ പതിതനായി മരിക്കും. സ്വർഗ്ഗത്തിന്റെ സുഖം കാണാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ വളരെയധികം ആനന്ദമുണ്ട്. വജ്ര രത്നങ്ങളുടെ കൊട്ടാരങ്ങളുണ്ട്. അതേ രാധയും കൃഷ്ണനും തന്നെയാണ് ലക്ഷ്മിയും നാരായണനുമാകുന്നത്. അതുകൊണ്ട് ലക്ഷ്മീ-നാരായണനെയും വളരെയധികം സ്നേഹിക്കണം. കൃഷ്ണനെ സ്നേഹിക്കുന്നുണ്ട് ശരി, പിന്നീട് രാധയെ എന്തുകൊണ്ട് അപ്രത്യക്ഷമാക്കി? കൃഷ്ണ ജന്മാഷ്ടമിക്ക് കൃഷ്ണനെ ഊഞ്ഞാലാട്ടുന്നു. മാതാക്കൾ കൃഷ്ണനെ വളരെയധികം സ്നേഹിക്കുന്നു, രാധയെ ഇല്ല. അതുപോലെ പിന്നീട് കൃഷ്ണനാകുന്ന ബ്രഹ്മാവിനും ഇത്രയും പൂജയില്ല. ജഗദംബയ്ക്ക് വളരെയധികം പൂജയുണ്ട്, ആ സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണ്. ആദി ദേവനായ ബ്രഹ്മാവിന് കേവലം അജ്മീറിൽ മാത്രമാണ് ക്ഷേത്രമുള്ളത്. ഇപ്പോൾ മമ്മയാണ് ജ്ഞാന ജ്ഞാനേശ്വരി. നിങ്ങൾക്കറിയാം മമ്മ ഒരു ബ്രാഹ്മണിയാണ്, സ്വർഗ്ഗത്തിലെ ആദി ദേവിയൊന്നുമല്ല. 8 കൈകളുമില്ല. ക്ഷേത്രത്തിൽ 8 കൈകൾ കാണിച്ചിട്ടുണ്ട്. ബാബ പറയുന്നു മായയുടെ രാജ്യത്തിൽ അസത്യം തന്നെ അസത്യമാണ്. ഒരു ബാബ മാത്രമാണ് സത്യം ആ ബാബ സത്യം പറയുന്നു, മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നതിന് വേണ്ടി. ആ ലൗകീക ബ്രാഹ്മണരിൽ നിന്ന് കഥകളെല്ലാം കേട്ട്-കേട്ടാണ് നിങ്ങൾ ഈ അവസ്ഥയിലെത്തിയത്. ഇപ്പോൾ മരണം മുന്നിൽ നിൽക്കുന്നുണ്ട്. ബാബ പറയുന്നു എപ്പോഴാണോ വൃക്ഷത്തിന്റെ ജീർണ്ണിച്ച അവസ്ഥയുണ്ടാകുന്നത് അപ്പോൾ കലിയുഗത്തിന്റെ അന്ത്യത്തിൽ കൽപത്തിന്റെ സംഗമയുഗത്തിൽ ഞാൻ വരുന്നു. ഞാൻ യുഗ-യുഗങ്ങളിൽ വരുന്നില്ല. ഞാൻ മത്സ്യ കൂർമ്മ അവതാരമോ, വരാഹ അവതാരമോ എടുക്കുന്നില്ല. ഞാൻ കണ-കണങ്ങളിൽ വസിക്കുന്നില്ല. നിങ്ങൾ ആത്മാക്കൾ പോലും കണ-കണങ്ങളിലേക്ക് പോകുന്നില്ല പിന്നെ ഞാനെങ്ങനെ പോകും. മനുഷ്യനെക്കുറിച്ച് മൃഗമായി ജനിക്കുമെന്നും പറയാറുണ്ട്. അങ്ങനെയാണെങ്കിൽ ധാരാളം ജന്മങ്ങളുണ്ട്, തിട്ടപ്പെടുത്താൻ പോലും സാധിക്കില്ല. ബാബ പറയുന്നു ശരിയായ കാര്യം ഇപ്പോൾ ഞാൻ മനസ്സിലാക്കി തരുന്നു. ഇപ്പോൾ നിർണ്ണയിക്കൂ 84 ലക്ഷം ജന്മം സത്യമാണോ അതോ അസത്യമാണോ? ഈ അസത്യ ലോകത്ത് സത്യം എവിടെ നിന്ന് വരാനാണ്? സത്യം ഒന്നുമാത്രമാണ്. ബാബ തന്നെയാണ് വന്ന് സത്യത്തിന്റെയും അസത്യത്തിന്റെയും നിർണ്ണയം നടത്തുന്നത്. മായ എല്ലാവരെയും അസത്യമാക്കിയിരിക്കുന്നു. ബാബ വന്ന് എല്ലാവരെയും സത്യമാക്കുന്നു. ഇപ്പോൾ തീരുമാനിക്കൂ - ആരാണ് സത്യം? നിങ്ങളുടെ ഇത്രയും ഗുരുക്കൻമാരും പണ്ഢിതരുമാണോ സത്യം അതോ ഒരു ബാബയാണോ സത്യം? ഒരു സത്യമായ ബാബ തന്നെയാണ് സത്യമായ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത്. അവിടെ നിയമ വിരുദ്ധമായ ഒരു കർമ്മവും തന്നെ ഉണ്ടായിരിക്കില്ല. അവിടെ ആർക്കും വിഷം ലഭിക്കില്ല.

നിങ്ങൾക്കറിയാം നമ്മൾ ഭരതവാസികൾ യഥാർത്ഥത്തിൽ ദേവീ-ദേവതകളായിരുന്നു. ഇപ്പോൾ പതിതരായിരിക്കുന്നു. വിളിക്കുന്നുമുണ്ട് അല്ലയോ പതിത-പാവനാ വരൂ. യഥാ രാജാ റാണി തഥാ പ്രജ എല്ലാവരും പതിതരാണ് അതുകൊണ്ടല്ലേ ലക്ഷ്മീ-നാരായണൻ തുടങ്ങിയവരെ പൂജിക്കുന്നത്. ഭാരതത്തിൽ തന്നെയാണ് പവിത്രമായ രാജാക്കൻമാർ ഉണ്ടായിരുന്നത്, ഇപ്പോൾ അപവിത്രമാണ്. പവിത്രമായവരെയാണ് പൂജിക്കുന്നത്. ഇപ്പോൾ ബാബ വന്ന് നിങ്ങളെ മഹാരാജാവും മഹാറാണിയുമാക്കുന്നു. എങ്കിൽ പുരുഷാർത്ഥം ചെയ്യണം. അല്ലാതെ 8 കൈകളുള്ള ആരും തന്നെയില്ല. ലക്ഷ്മീ-നാരായണന് പോലും രണ്ട് കൈകളാണുള്ളത്. ചിത്രങ്ങളിൽ പിന്നീട് നാരായണനെ കറുത്തതായും, ലക്ഷ്മിയെ വെളുത്തതായും കാണിക്കാറുണ്ട്. ഇപ്പോൾ ഒരാൾക്ക് പവിത്രവും, ഒരാൾക്ക് അപവിത്രവുമാകാൻ എങ്ങനെ സാധിക്കും, അപ്പോൾ ചിത്രം അസത്യമായില്ലേ. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു രാധയും കൃഷ്ണനും രണ്ട് പേരും വെളുത്തവരായിരുന്നു പിന്നീട് കാമ ചിതയിലിരുന്ന് രണ്ട് പേരും കറുത്ത് പോയി. ഒരാൾ വെളുത്തതും, ഒരാൾ കറുത്തതുമാകുക സാധ്യമല്ല. കൃഷ്ണനെ ശ്യാമ സുന്ദരനെന്ന് പറയാറുണ്ട്. രാധയെ ശ്യാമ സുന്ദരിയെന്ന് എന്തുകൊണ്ടാണ് പറയാത്തത്. ഈ വ്യത്യാസം എന്തുകൊണ്ടാണ് വെച്ചിട്ടുള്ളത്. ജോടി ഒരുപോലെയായിരിക്കേണ്ടേ. ഇപ്പോൾ നിങ്ങൾ ജ്ഞാനചിതയിലാണിരിക്കുന്നത്, പിന്നീട് നിങ്ങളെന്തിനാണ് കാമചിതയിലിരിക്കുന്നത്! കുട്ടികൾക്കും ഈ പുരുഷാർത്ഥം ചെയ്യിക്കണം. ഞാൻ ജ്ഞാന ചിതയിലിരിക്കുന്നു നിങ്ങൾ പിന്നീടെന്തിനാണ് കാമചിതയിലിരിക്കുന്നതിന്റെ ചേഷ്ഠകൾ പ്രവർത്തിക്കുന്നത്. അഥവാ പുരുഷൻ ജ്ഞാനമെടുക്കുന്നു, സ്ത്രീ എടുക്കുന്നില്ല അപ്പോഴും കലഹമുണ്ടാകുന്നു. യജ്ഞത്തിൽ വിഘ്നങ്ങൾ ധാരളമുണ്ടാകുന്നുണ്ട്. ഈ ജ്ഞാനം എത്ര ദൈർഘ്യമേറിയതാണ്. എപ്പോഴാണോ ബാബ വന്നത് അപ്പോൾ മുതൽ രുദ്ര യജ്ഞം ആരംഭിച്ചു. ഏതുവരെ നിങ്ങൾ ബ്രാഹ്മണനാകുന്നില്ലയോ അതുവരെ ദേവതയാകാൻ സാധിക്കില്ല. ശൂദ്രപതിതനിൽ നിന്ന് പാവന ദേവതയാകുന്നതിന് വേണ്ടി

ബ്രാഹ്മണനാകേണ്ടതുണ്ട്. ബ്രാഹ്മണർ മാത്രമാണ് യജ്ഞത്തെ സംരക്ഷിക്കുന്നത്, ഇതിൽ പവിത്രമാകണം. അല്ലാതെ മനുഷ്യർ ചെയ്യുന്നത് പോലെ എള്ളും യവവും ശേഖരിച്ച് വയ്ക്കേണ്ടതില്ല. ആപത്ത് സമയത്താണ് യജ്ഞം രചിക്കുന്നത്. ഭഗവാനും ഇങ്ങനെയുള്ള യജ്ഞം രചിച്ചിട്ടുണ്ടായിരുന്നു എന്നാണ് കരുതുന്നത്. ബാബ പറയുന്നു ഇത് ജ്ഞാന യജ്ഞമാണ് ഇതിലാണ് നിങ്ങൾ ആഹൂതിയർപ്പിക്കുന്നത്. ദേഹ സഹിതം എന്തെല്ലാമാണോ ഉള്ളത്, ആഹൂതി നൽകണം. പണമൊന്നും ഇടേണ്ടതില്ല, ഇതിൽ സർവ്വസ്വവും സ്വാഹ ചെയ്യണം. ഇതിൽ ഒരു കഥയുമുണ്ട്. ദക്ഷ പ്രജാ പതി യജ്ഞം രചിച്ചു, ഇപ്പോൾ പ്രജാപിതാവ് ഒരാളാണ്. പ്രജാപിതാവ് ബ്രഹ്മാവാണ് പിന്നീട് ദക്ഷപ്രജാപതി എവിടെ നിന്ന് വന്നു? ബാബ പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് യജ്ഞം രചിക്കുന്നത്. നിങ്ങളെല്ലാവരും ബ്രാഹ്മണരാണ്. നിങ്ങൾക്ക് മുത്തച്ഛന്റെ സമ്പത്താണ് ലഭിക്കുന്നത്. നിങ്ങൾ പറയുന്നത് തന്നെ ഞങ്ങൾ ശിവബാബയുടെ അടുത്ത് വന്നിരിക്കുന്നു *ത്രൂ* ബ്രഹ്മാ എന്നാണ്. ഇത് ശിവബാബയുടെ *പോസ്റ്റ് ഓഫീസാണ്.* കത്തെഴുതുകയാണെങ്കിലും ശിവബാബ *ത്രൂ* ബ്രഹ്മാ എന്നാണ്. ഇതിലാണ് ബാബയുടെ നിവാസം. ഈ എല്ലാ ബ്രാഹ്മണരും പാവനമാകുന്നതിന് വേണ്ടി ജ്ഞാന യോഗം പഠിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങൾ പതിതരല്ല എന്ന് നിങ്ങൾ പറയില്ല. ഞങ്ങൾ പതിതരാണ് എന്നാൽ പതിത-പാവനൻ ഞങ്ങളെ പാവനമാക്കി കൊണ്ടിരിക്കുന്നു, മറ്റാരും തന്നെ പാവനമല്ല അതുകൊണ്ടാണ് ഗംഗാ സ്നാനം നടത്താൻ പോകുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ഒരു സത്ഗുരുവായ ബാബ മാത്രമാണ് നമ്മളെ പാവനമാക്കുന്നത്. ആ ബാബയുടെ ശ്രീമതമാണ് കുട്ടികളേ നിങ്ങൾ ഞാനൊരാളുമായി നിങ്ങളുടെ ബുദ്ധിയോഗം യോജിപ്പിക്കൂ. തീരുമാനമെടുക്കൂ. വേണമെങ്കിൽ ആ ഗുരുക്കൻമാരുടെ അടുത്തേക്ക് പോകാം, വേണമെങ്കിൽ എന്റെ നിർദ്ദേശത്തിലൂടെ നടക്കാം. നിങ്ങളുടെ അച്ഛനും, *ടീച്ചറും,* ഗുരുവും ഒരാളാണ്. പരിധിയില്ലാത്ത ബാബ മുഴുവൻ മാനവരാശിയോടും പറയുകയാണ് ആത്മ-അഭിമാനിയാകൂ. ദേവതകൾ ആത്മ-അഭിമാനികളാണ്. ഇവിടെയാണെങ്കിൽ ഈ ജ്ഞാനം ആരിലും തന്നെയില്ല. സന്യാസിമാർ പറയുന്നു, ആത്മാവ് തന്നെയാണ് പരമാത്മാവെന്ന്. ആത്മാവ് പോയി ബ്രഹ്മ തത്വത്തിൽ ലയിക്കും. ഇങ്ങനെയുള്ള കാര്യങ്ങൾ കേട്ട്- കേട്ട് നിങ്ങൾ എത്ര ദുഃഖിയും പതിതവുമായിരിക്കുന്നു. ആരാണോ വികാരത്തിലൂടെ ജന്മമെടുക്കുന്നത് അവരെയാണ് ഭ്രഷ്ടാചാരീ പതിതനെന്ന് പറയുന്നത്. അവർ രാവണ രാജ്യത്തിൽ ഭ്രഷ്ടാചാരീ കർമ്മം തന്നെയാണ് ചെയ്യുന്നത്. പിന്നീട് പുഷ്പ സമാനമാക്കുന്നതിനായി ബാബയ്ക്ക് വരേണ്ടി വരുന്നു. ഭാരതത്തിൽ തന്നെയാണ് വരുന്നത്. ബാബ പറയുന്നു ഞാൻ നിങ്ങളെ ജ്ഞാനവും യോഗവും പഠിപ്പിക്കുന്നു. അയ്യായിരം വർഷങ്ങൾക്ക് മുൻപും ഇത് നിങ്ങളെ പഠിപ്പിച്ച് സ്വർഗ്ഗത്തിന്റെ അധികാരിയാക്കിട്ടുണ്ടായിരുന്നു വീണ്ടും ആക്കുകയാണ്. കൽപ-കൽപം ഞാൻ വന്നുകൊണ്ടിരിക്കുന്നു. ഇതിന് ആദിയുമില്ല, അന്ത്യവുമില്ല. ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു. പ്രളയത്തിന്റെ കാര്യം തന്നെയില്ല. നിങ്ങൾ കുട്ടികൾ ഈ സമയം ഈ അവിനാശീ ജ്ഞാന രത്നങ്ങളാൽ സഞ്ചിനിറക്കുന്നു. ശിവബാബയെ ബം-ബം മഹാദേവാ എന്ന് പറയാറുണ്ട്. ബം-ബം അർത്ഥം ശംഖധ്വനി മുഴക്കി ഞങ്ങളുടെ സഞ്ചി നിറക്കൂ. ജ്ഞാനം ബുദ്ധിയിലല്ലേ ഇരിക്കുന്നത്. ആത്മാവിൽ തന്നെയാണ് സംസ്ക്കാരമുള്ളത്. ആത്മാവ് തന്നെയാണ് പഠിച്ച് *എഞ്ചിനീയറും, വക്കീലുമെല്ലാമാകുനന്നത്.* ഇപ്പോൾ നിങ്ങൾ ആത്മാക്കൾ എന്താകും? പറയുന്നു ബാബയിൽ നിന്ന് സമ്പത്തെടുത്ത് ലക്ഷ്മീ-നാരായണനാകും. ആത്മാവ് തീർച്ചയായും പുനർജന്മമെടുക്കുന്നുണ്ട്. ഇത് മനസ്സിലാക്കേണ്ട കാര്യങ്ങളല്ലേ. ഏതൊരാൾക്കും കേവലം ഈ രണ്ടക്ഷരങ്ങൾ കാതിലിട്ട് കൊടുക്കൂ - നിങ്ങൾ ആത്മാവാണ്, ശിവബാബയെ ഓർമ്മിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി ലഭിക്കും. എത്ര സഹജമാണ്. ഒരേ ഒരു ബാബ മാത്രമാണ് സത്യം പറയുന്നത്, എല്ലാവർക്കും സദ്ഗതി നൽകുന്നു. ബാക്കി എല്ലാവരും അസത്യം പറഞ്ഞ് ദുർഗതി തന്നെ വരുത്തും. ഈ ശാസ്ത്രങ്ങളെല്ലാം തന്നെ പിന്നീടുണ്ടാക്കിയിട്ടുള്ളതാണ്. ഭാരതത്തിന്റെ ശാസ്ത്രം ഒരേഒരു ഗീതയാണ്. പറയുന്നു ഇത് പരമ്പരയായി കൈമാറി വന്നതാണ്. എന്നാൽ എപ്പോൾ മുതൽ? സൃഷ്ടിക്ക് ലക്ഷം വർഷങ്ങളായെന്നാണ് കരുതുന്നത്. ശരി.

നിങ്ങൾ കുട്ടികൾ ബാബക്കായി മുന്തിരി കൊണ്ട് വരുന്നു. നിങ്ങൾ തന്നെ കൊണ്ട് വരുന്നു നിങ്ങൾ തന്നെ കഴിക്കുന്നു, ഞാൻ കഴിക്കുന്നില്ല. ഞാൻ അഭോക്താവാണ്. സത്യയുഗത്തിലും നിങ്ങൾക്കായാണ് കൊട്ടാരമുണ്ടാക്കുന്നത്. ഇവിടെയും നിങ്ങളെ പുതിയ കെട്ടിടത്തിലാണ് താമസിപ്പിക്കുന്നത്, ഞാൻ പഴയതിൽ തന്നെയാണ് കഴിയുന്നത്. ഇത് അദ്ഭുതകരമായ അച്ഛനാണ്. ഇത് അച്ഛനുമാണ് അതിഥിയുമാണ്. ബോംബെയിലേക്ക് പോകുകയാണെങ്കിൽ അതിഥിയെന്നല്ലേ പറയുക. ഇവിടെ ബാബ മുഴുവൻ ലോകത്തിന്റെയും വളരെ വലിയ അതിഥിയാണ്. ബാബയ്ക്ക് വരുന്നതിനും പോകുന്നതിനും സമയമെടുക്കില്ല. അതിഥിയും അദ്ഭുതകരമാണ്. ദുരദേശത്ത് വസിക്കുന്നവൻ പരദേശത്ത് വന്നിരിക്കുന്നു. അപ്പോൾ അതിഥിയായില്ലേ. വരുന്നത് നിങ്ങളെ പുഷ്പ-പുഷ്പമാക്കി സമ്പത്ത് നൽകുന്നതിനാണ്. കക്കയിൽ നിന്ന് വജ്ര സമാനമാനമാക്കുന്നതിന്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) അവിനാശീ ജ്ഞാന രത്നങ്ങളുടെ ധാരണ ചെയ്ത് ശംഖ-ധ്വനി മുഴക്കണം. എല്ലാവർക്കും ഈ ജ്ഞാന രത്നങ്ങൾ നൽകണം.

2) സത്യത്തെയും അസത്യത്തെയും മനസ്സിലാക്കി സത്യമായ നിർദ്ദേശത്തിലൂടെ നടക്കണം. നിയമവിരുദ്ധമായ ഒരു കർമ്മവും ചെയ്യരുത്.

### വരദാനം:-ബുദ്ധിയെ ബിസിയാക്കി വെക്കുന്നതിന്റെ വിധിയിലൂടെ വ്യർത്ഥത്തെ സമാപ്തമാക്കുന്ന സദാ സമർത്ഥരായി ഭവിക്കട്ടെ.

സദാ സമർത്ഥം അതായത് ശക്തിശാലി അവർ തന്നെയാണ് ആവുക ആരാണോ ബുദ്ധിയെ ബിസിയാക്കി വെക്കാനുള്ള വിധിയെ സ്വായത്തമാക്കുന്നത്. വ്യർത്ഥത്തെ സമാപ്തമാക്കി സമർത്ഥമായി മാറാനുള്ള മാർഗ്ഗം തന്നെ ഇതാണ്-സദാ ബിസിയായിരിക്കുക, അതിനാൽ ദിവസവും രാവിലെ സ്ഥൂല ദിനചര്യ ഉണ്ടാക്കുന്നത് പോലെ തന്റെ ബുദ്ധിയെ ബിസിയാക്കി വെക്കുന്നതിനുള്ള ടൈം ടേബിൾ ഉണ്ടാക്കൂ, അതായത് ഈ സമയത്ത് ബുദ്ധിയിൽ ഈ ശക്തിശാലി സങ്കൽപ്പങ്ങളെക്കൊണ്ട് വ്യർത്ഥത്തെ സമാപ്തമാക്കും. ബിസിയായിരിക്കാമെങ്കിൽ മായ ദൂരെ നിന്ന് തന്നെ തിരികെ പോകും.

### സ്ലോഗൻ:- ദു:ഖത്തിന്റെ ലോകത്തെ മറക്കണമെങ്കിൽ പരമാത്മാ സ്നേഹത്തിൽ സദാ മുഴുകിയിരിക്കൂ.